**എം ജി ഓണേഴ്സ് ബിരുദ/4+1 ഓണേഴ്സ്/ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ മാസം 7 വൈകുന്നേരം നാലു മണി വരെ. സാധ്യതാ അലോട്മെൻറ് ജൂൺ മാസം 12 നും ഒന്നാം അലോട്മെൻറ് ജൂൺ 18 നും പ്രസിദ്ധീകരിക്കും. ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ ജൂലൈ ഒന്നിനു ആരംഭിക്കും.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ഓണേഴ്സ് ബിരുദ/ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കും മഹാത്മാഗാന്ധി സർവ്വകലാശാലാ ക്യാമ്പസ്സിലെ 4+1 ഓണേഴ്സ് പ്രോഗ്രാമുകളിലേക്കുമുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ മാസം 7 വൈകുന്നേരം നാലു വരെ ലഭ്യമായിരിക്കുന്നതാണ്.

മാനേജുമെൻറ് വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷാ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷാ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജുമെൻറ്, ലക്ഷദ്വീപ് ക്വാട്ടാകളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോട്സ്/കൾച്ചറൽ ക്വോട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കണം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നതും രേഖകളുടെ പരിശോധന സർവ്വകലാശാല കേന്ദ്രീകൃതമായി നടത്തുന്നതുമായിരിക്കും.

അപേക്ഷകർ സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതായുണ്ട്. സാധ്യതാ അലോട്മെൻറ് ജൂൺ മാസം 12 നും ഒന്നാം അലോട്മെൻറ് ജൂൺ 18 നും പ്രസിദ്ധീകരിക്കും. അക്കൗണ്ട് ക്രിയേഷൻെറ സമയത്ത് നൽകിയ ഓൺലൈൻ അപേക്ഷയിലെ പേര്, സംവരണ വിഭാഗം, മൊബൈൽ നം, ഇ മെയിൽ ഐഡി, പരീക്ഷാ ബോർഡ്, രജിസ്റ്റർ നം, അക്കാദമിക വിവരങ്ങൾ (മാർക്ക്) എന്നിവയൊഴികെയുള്ള വിവരങ്ങൾ ജൂൺ 12, 13 തീയതികളിൽ ആവശ്യമെങ്കിൽ തിരുത്താവുന്നതും ഓപ്ഷനുകൾ പുന:ക്രമീകരിക്കുകയോ, ഒഴിവാക്കുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതുമാണ്. ജൂൺ 13 നുശേഷം അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനോ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനോ സാധിക്കുകയില്ല. സംവരണാനുകൂല്യം അവകാശപ്പെടുന്ന അപേക്ഷകർ ഓൺലൈൻ അപേക്ഷയോടൊപ്പം റവന്യൂ അധികാരിയിൽ നിന്നുമുള്ള കമ്മ്യൂണിറ്റി/കാസ്റ്റ് സർട്ടിഫിക്കറ്റിൻെറ ഡിജിറ്റൽ പകർപ്പ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതേ പോലെ തന്നെ വിമുക്തഭടൻ/ജവാൻ

എന്നിവർക്കായുള്ള ബോണസ് മാർക്ക്, എൻ സി സി എൻ എസ് എസ്, സ്കൗട്ട് എന്നീ വിഭാഗങ്ങളിലെ ബോണസ് മാർക്ക് എന്നിവ അവകാശപ്പെടുന്നവർ പ്രോസ്പെക്ടസ്സിൽ പറഞ്ഞിരിക്കുന്ന സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് നിർബന്ധമായും അപ്ലോഡ് ചെയ്യേണ്ടതാണ്. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാർക്കായി സംവരണ ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിച്ചിട്ടുള്ളവരും റവന്യൂ അധികാരിയിൽ നിന്നുമുള്ള നിശ്ചിത പ്രൊഫോർമ പ്രകാരമുള്ള സാക്ഷ്യപത്രത്തിൻെറ ഡിജിറ്റൽ പകർപ്പ് അപ്ലോഡ് ചെയ്യേണ്ടതാണ്.

എയ്ഡഡ് കോളേജുകളിൽ പ്രസ്തുത കോളേജ് പ്രതിനിധാനം ചെയ്യുന്ന സാമുദായിക വിഭാഗത്തിനായി സംവരണം ചെയ്ത കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കു പ്രവേശനമാഗ്രഹിക്കുന്നവർ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. പ്രസ്തുത സീറ്റുകളിലേക്ക് ഒരോ സമുദായത്തിലേയും അപേക്ഷകരിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിലുള്ള അലോട്മെൻറ് സർവ്വകലാശാല നേരിട്ട് നടത്തുന്നതായിരിക്കും. ഇത്തരം സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുമുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിൻെറ ഡിജിറ്റൽ പകർപ്പ് അപ്ലോഡ് ചെയ്യേണ്ടതാണ്.

എയ്ഡഡ്/ എയ്ഡഡ് ഫോർവേർഡ് കമ്മ്യൂണിറ്റി കോളേജുകളിലെ 70% മെറിറ്റ് സീറ്റുകളിലേക്കും 10% കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും എയ്ഡഡ് ബാക്ക്വേർഡ് കമ്മ്യൂണിറ്റി കോളേജുകളിലെ 60% മെറിറ്റ് സീറ്റുകളിലേക്കും 20% കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും സർക്കാർ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേക്കും സ്വാശ്രയ കോളേജുകളിലെ /പ്രോഗ്രാമുകളിലെ 50% മെറിറ്റ് സീറ്റുകളിലേക്കും സർവ്വകലാശാല നേരിട്ട് ഏകജാലകം വഴിയായിരിക്കും പ്രവേശനം നടത്തുക.

അപേക്ഷകർ ഓപ്ഷനുകൾ നൽകുമ്പോൾ വെബ്സൈറ്റിലെയും പ്രോസ്പെക്ടസ്സിലേയും പ്രോഗ്രാം സ്പെഷ്യലൈസേഷനുകൾ പരിശോധിച്ച് ഓപ്ഷനുകൾ നൽകേണ്ടതാണ്.

സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ്സിൽ നിഷ്കർഷിച്ചിരിക്കുന്ന സാക്ഷ്യപത്രങ്ങളുടെ അസ്സൽ, പ്രവേശ സമയത്ത് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽ മുൻപാകെ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇതിൽ യാതൊരു കാരണവശാലും ഇളവ് ലഭിക്കുന്നതല്ല.

സർവ്വകലാശാല ഏകജാലക പ്രവേശന സംവിധാനത്തിൻെറ വെബ്സൈറ്റിൽ വിവിധ പ്രോഗ്രാമുകളുടെ ഫീ വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകർക്ക് ഇത് പരിശോധിച്ച് മനസ്സിലാക്കേണ്ടതാണ്. ക്യാപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ വായിച്ചു മനസ്സിലാക്കി തദനുസ്സരണം പ്രവർത്തിക്കാതെ ഉന്നയിക്കപ്പെടുന്ന പരാതികൾ പരിഗണിക്കുന്നതായിരിക്കുകയില്ല.

ബിരുദ/ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളി ലെ ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ ജൂലൈ ഒന്നിനു ആരംഭിക്കും.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്നതിനായി കോളേജ് തല ഹെൽപ്പ് ഡെസ്കുകളുടെ സഹായം തേടാവുന്നതാണ്. ഹെൽപ്പ് ഡെസ്കുകളുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ ക്യാപ്പ് വെബ് സൈറ്റിൽ ലഭ്യമാണ്.

ഓൺലൈൻ രജിസ്ട്രേഷനായി cap.mgu.ac.in എന്ന വെബ്സൈറ്റ സന്ദർശിക്കുക. ക്യാപ് സംബന്ധമായ എല്ലാ വിശദ വിവരങ്ങളും cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**എംജി സർവ്വകലാശാല പഠന വകുപ്പുകളിലെ 4+1 ഓണേഴ്സ് പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം**

സർവ്വകലാശാലയുടെ അതിരമ്പുഴ ക്യാമ്പസ്സിലെ വിവിധ പഠന വകുപ്പുകളിൽ നടത്തപ്പെടുന്നതായ 4+1 ഓണേഴ്സ് പ്രോഗ്രാമുകളിലേക്കും ഏകജാലകം വഴി അപേക്ഷിക്കാവുന്നതാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോസയൻസ്, എൻ വയോൺമെൻറൽ സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഡെവലപ്മെൻറ് സ്റ്റഡീസ്, ഗാന്ധിയൻ സ്റ്റഡീസ് , ഹിസ്റ്ററി, ഇൻറർനാഷണൽ റിലേഷൻസ് ആൻഡ് പൊളിടിക്സ് എന്നീ വിഷയങ്ങൾ നടപ്പ് അക്കാദമിക വർഷം ഓണെഴ്സ് പ്രോഗ്രാമുകൾ 4+1 രീതിയിൽ നടത്തപെടുന്നതായിരിക്കും.